**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.312 08.06.2015-ൽ മറുപടിയ്ക്ക്**

**നടക്കാവ് വലിയകൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കാസർകോഡ് ജില്ലയിലെ നടക്കാവ് വലിയകൊവ്വൽ മൈതാനിയിൽ നിർമ്മിക്കുന്ന സിന്തറ്റിക് ടർഫ് ഗ്രൗണ്ട് എപ്പോൾ പൂർത്തികരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ; | (എ) | സിന്തറ്റിക് ടർഫ് നിർമ്മിക്കുന്നതിനുള്ള സബ്ബ് ബെയ്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സിന്തറ്റിക് ടർഫ് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടർഫ് എത്തുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതും ഒരു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുന്നതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എത്ര കോടി രൂപയ്ക്കാണ് ടെണ്ടർ ചെയ്തിട്ടുള്ളത് ; | (ബി) | 2.66 കോടി രൂപയ്ക്കാണ് പ്രസ്തുത പ്രവർത്തി ടെണ്ടർ ചെയ്തിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തിക്കായി നേരത്തെ അനുവദിച്ച 4.60 കോടി രൂപയിൽ അവശേഷിക്കുന്ന തുക കൂടി പ്രസ്തുത ഗ്രൗണ്ടിൽ ഗാലറി നിർമ്മിക്കാൻ അനുവദിക്കുമോ ? | (സി) | നിലവിലുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായ ശേഷം, തുകയുടെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**